A.V.S.G.H.S.S Karivellur

Little kite's Magazene 2018-19

# IRIS



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

## കരിവെള്ളൂർ എ.വി.സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂൾ

## അന്താരാഷ്ട്ര മികവിലേക്ക്

സംസ്ഥാനസർക്കാർ നവകേരള നിർമ്മിതിക്കായി പ്രഖ്യാപിച്ച നാലു മിഷനുകളിൽ സുപ്രധാനമായ ഒന്നത്രേ പൊതുവിദ്യാലയ സംരക്ഷണ യജ്ഞം. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി വളർന്നുവരുന്ന തലമുറക്ക് അന്താരാഷ്ട്ര നിലവാരമുള്ള ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പയ്യന്നൂർ എം.എൽ.എ ശ്രീ.സി.കൃഷ്ണൻ ഈ നിയോജക മണ്ഡലത്തിൽ നിന്നും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി തിരഞ്ഞെടുത്തിരിക്കുന്നത് കരിവെള്ളൂർ എ.വി. സ്മാരക ഗവ. ഹയർ സെക്കന്ററി സ്കൂളിനെയാണ്.





ഏറ്റവും പുതിയ കാലത്തിന് അനുയോജ്യമായ രീതിയിൽ എല്ലാവിധ സാങ്കേതിക സൗകര്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ തലമുറയുടെ ബൗദ്ധികവും വൈജ്ഞാനികവും കലാപരവും കായികവുമായി വിഭിന്ന ശേഷികളെ പരിപോഷിക്കാൻ ആവശ്യമായ മികച്ച ഭൗതിക സാഹചര്യങ്ങളാണ് പുതിയ വിദ്യാലയത്തിൽ രൂപകൽപന ചെയ്തിട്ടുള്ളത്.



ആശംസകളോടെ,

**H.M. , AVSGHSS KARIVELLUR**

# മികവിന്റെ കേന്ദ്രം

പാഠ്യപാഠ്യേതര മേഖലകളിലുള്ള കുട്ടികളുടെ മികച്ച പ്രകടനങ്ങളാണ് നമ്മുടെവിദ്യാലയത്തെ എന്നും വേറിട്ടു നിർത്തുന്നത്. 2018-2019 അധ്യയനവർഷത്തെ ശാസ്ത്ര-സാമൂഹ്യശാസ്ത്രപ്രവർത്തിപരിചയമേളകൾ ,സ്കൂൾകലോത്സവം, വിദ്യാരംഗം കലാസാഹിത്യവേദി,കായികമേള തുടങ്ങി സംസ്ഥാന-ദേശീയ തല മത്സരങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യശാസ്ത്ര മേളയിൽ സംസ്ഥാന ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനതലത്തിൽ തന്നെ എറ്റവും കൂടുതൽ കുട്ടികളെ മത്സരത്തിൽ പങ്കെടുപ്പിക്കാൻ സാധിക്കുന്നു എന്നത് ഈ സർക്കാർ വിദ്യാലയത്തിന് ഒരു പൊൻതൂവൽ ചാർത്തുന്നു. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും,പി.ടി.എ യുടെയും അശ്രാന്ത പരിശ്രമം തന്നെയാണ് ഈ വിജയത്തിനു പിന്നിലുള്ള ഊർജ്ജമെന്നും പറയാം.





ചെയർമാൻ

ഭാസ്കരൻ.എം

കൺവീനർ

ബാബു.പി.കെ.

ചീഫ് എഡിറ്റർ

സബിത.പി

സ്റ്റുഡന്റ് എഡിറ്റർ

ദേവാനന്ദ്.എം

ഉപദേശകസമിതി

മനോജ്.എം

ജയസൂര്യൻ.പി.സി

നൂർജഹാൻ.വി.പി

രാജശ്രീ.കെ

മാഗസിൻ കമ്മിറ്റി അംഗങ്ങൾ

നവീൽ.വി.കെ.


അജയ്.പി

ദേവാനന്ദ്.എം

വൃന്ദ.സി

വൃന്ദ.പി

## എ.വി സ്മാരക ഗവ. ഹയർസെക്കന്ററി സ്കൂൾ – ചരിത്രവും വർത്തമാനവും



1958 ജൂൺ 24 ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയാണ് കരിവെള്ളൂരിന് ഈ സർക്കാർ വിദ്യാലയം അനുവദിച്ചത്. അപ്പർ പ്രൈമറി ക്ലാസിനപ്പുറം പഠിക്കാൻ സാഹചര്യമില്ലാതിരുന്ന കരിവെള്ളൂരിന്റെ കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇവിടെ സർക്കാർ മേഖലയിൽ തന്നെ ആരംഭിക്കണമെന്ന ദൃഢനിശ്ചയത്തോടെ പ്രയത്നിച്ച കരിവെള്ളൂർ സമരനായകനും സ്വാതന്ത്ര സമരനായകനുമായ എ.വി. കുഞ്ഞമ്പുവിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമായാണ് ഈ വിദ്യാലയം ഓണക്കുന്നിൽ സ്ഥാപിതമായത്. നിരവധി തലമുറകൾക്ക് അറിവിന്റെ വെളിച്ചം പകർന്ന എ.വി സ്മാരക ഗവ. ഹയർസെക്കന്ററി സ്കൂൾ, കഴിഞ്ഞ ആറുപതിറ്റാണ്ടുകാലമായി കരിവെള്ളൂരിന്റെ വൈജ്ഞാനികമണ്ഡലത്തിലെ ഏറ്റവും പ്രകാശപൂർണമായ വഴിവിളക്കാണ്.

1958 ജൂൺ 24 നാണ് കരിവെള്ളൂർ ഗവ. ഹയർസെക്കന്ററി സ്കൂൾ എന്ന പേരിൽ ഈ സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്. ആദ്യബാച്ചിൽ 35 കുട്ടികളാണ് ഉണ്ടായിരുന്നത്. പണ്ഡിതോത്തമനായ ശ്രീ.കെ.ടി.എൻ സുകുമാരൻ നമ്പ്യാരായിരുന്നു ആദ്യ അധ്യാപകൻ. ആദ്യവർഷം പള്ളിക്കൊവ്വലിലെ ഭക്തർസ്വാമിയുടെ കെട്ടിടത്തിലും അതിനോട് ചേർന്നുള്ള ചായ്പിലുമായിരുന്നു ക്ലാസുകൾ നടത്തിയിരുന്നത്. രണ്ടാമത്തെ വർഷം നാരായണൻ ഉണിത്തിരിയുടെ കെട്ടിടത്തിന്റെ രണ്ടാം നിലയിലും. മൂന്നാമത്തെ

വർഷമാണ് സ്കൂളിന്റെ പ്രവർത്തനം ഓണക്കുന്നിൽ ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് മാറ്റിയത്. ഇവിടെയും ആദ്യം ഷെഡ്ഡിലായിരുന്നു ക്ലാസുകൾ നടത്തിയിരുന്നത്. പിന്നീട് സ്കൂളിന് നല്ല കെട്ടിടം പണിയണമെന്ന ലക്ഷ്യത്തോടെ ദീർഘദർശിയായ ഏ.വി. കുഞ്ഞമ്പുവിന്റെ നേതൃത്വത്തിൽ വിപുലമായ യോഗം വിളിച്ചുചേർത്ത് സ്കൂൾ കെട്ടിടനിർമ്മാണ കമ്മറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. ഏ.വി. കുഞ്ഞമ്പു പ്രസിഡന്റും കെ. ഗോവിന്ദൻ നായർ സെക്രട്ടറിയും കെ.ഗോവിന്ദൻ വൈസ് പ്രസിഡന്റും തോട്ടേൻ വളപ്പിൽ കുഞ്ഞിരാമൻ ട്രഷററുമായ കമ്മറ്റിയെ യോഗം തിരഞ്ഞെടുത്തു.

സ്കൂളിന്റെ സ്ഥാനം സംബന്ധിച്ച് ആദ്യം വിഭിന്നാഭിപ്രായങ്ങൾ ഉയർന്നുവന്നെങ്കിലും പിന്നീട് പലകാര്യങ്ങളും പരിഗണിച്ച് ഓണക്കുന്നിൽ തന്നെ വിദ്യാലയത്തിന്റെ ആസ്ഥാനം ഉറപ്പിക്കുകയായിരുന്നു. സ്കൂൾ കെട്ടിടം പണിയുന്നതിന് സ്ഥലവും പണവും കണ്ടെത്തുകയെന്ന ശ്രമകരമായ ദൗത്യമാണ് കമ്മറ്റി ആദ്യം ഏറ്റെടുത്തത്. കരിവെള്ളൂരിലെ അധ്യാപകർ അവരുടെ ഒരുമാസത്തെ ശമ്പളം സ്കൂൾ നിർമ്മാണ നിധിയിലേക്ക് സംഭാവന നൽകുകയുണ്ടായി. കർഷകരും ബീഡിത്തൊഴിലാളികളും സാധാരണക്കാരുമായ ഈ ദേശത്തെ ഓരോരുത്തരും തങ്ങളാലാവുന്ന സാമ്പത്തിക സഹായം സ്കൂൾ നിർമ്മാണ് ഫണ്ടിലേക്ക് ഉദാരമായി സംഭാവന ചെയ്യുകയുണ്ടായി.

പുതിയളപ്പിൽ കമ്മാരൻ കാരണവരുടെ കൈവശമുണ്ടായിരുന്ന സ്ഥലം നാമമാത്രമായ തുകയ്ക്ക് സ്കൂൾ നിർമ്മാണക്കമ്മറ്റിക്ക് കൈമാറുകയുണ്ടായി. വാണിയ സമുദായത്തിന്റെ അധീനതയിലുണ്ടായിരുന്ന സ്ഥലം കമ്മറ്റി കണ്ടെത്തി നൽകിയ മറ്റൊരു സ്ഥലവുമായി വെച്ചുമാറിക്കൊണ്ട് അവരും നിർമ്മാണക്കമ്മറ്റിയുമായി സഹകരിക്കുകയുണ്ടായി. ശ്രീ.ടി. കുഞ്ഞിക്കൃഷ്ണപ്പൊതുവാൾ അദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന സ്ഥലം കമ്മിറ്റിക്ക് സൗജന്യമായി വിട്ടു നൽകി. ഇങ്ങനെ സ്കൂൾ കാമ്പസിനായി എട്ടേക്കറോളം സ്ഥലം സ്വരൂപിക്കാൻ കമ്മറ്റിക്ക് സാധിച്ചു. കമ്മിറ്റി പ്രസിഡന്റായിരുന്ന എ.വി. കുഞ്ഞമ്പു പാർട്ടിയിൽ നിന്ന് ഒരു മാസത്തോളം അവധിയെടുത്ത് തയ്യേനിയിലെ കൂപ്പിൽ നിന്നാണ് കെട്ടിടനിർമ്മാണത്തിന് ആവശ്യമായ മരം കൊണ്ടുവന്നത്. പയ്യന്നൂർ വികസനബ്ലോക്കിൽ നിന്നുള്ള സാമ്പത്തിക സഹായവും കമ്മിറ്റിക്ക് ലഭിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി കരിവെള്ളൂർ ലോക്കൽ കമ്മിറ്റി കെ.പി.ഏ.സി.യുടെ, 'മുടിയനായ പുത്രൻ' എന്ന നാടകം സംഘടിപ്പിച്ച് അതിലൂടെ സമാഹരിച്ച തുക കമ്മറ്റിക്ക് നൽകുകയുണ്ടായി. ഇങ്ങനെ ഈ പ്രദേശത്തെ എല്ലാ വിഭാഗത്തിലും പെട്ട ജനങ്ങൾ അവരവർക്ക് സാധ്യമായ വിധത്തിൽ അർഥവും അദ്ധ്വാനവും ധാർമിക പിന്തുണയും നൽകിയതിന്റെ ഫലമായാണ് ആദ്യഘട്ടത്തിൽ നാലു ക്ലാസ്മുറികളും ഒരു ഓഫീസുമടങ്ങിയ സ്കൂൾ കെട്ടിടം യാഥാർത്ഥ്യമാക്കാൻ കമ്മിറ്റിക്ക് കഴിഞ്ഞത്.

കെട്ടിടനിർമ്മാണം പൂർത്തീകരിച്ചതിനുശേഷം കെട്ടിട നിർമ്മാണക്കമ്മിറ്റി സ്കൂൾ വെൽഫെയർ കമ്മറ്റിയായി പ്രവർത്തിച്ചുവന്നു. 1980-ൽ മരിക്കുന്നതുവരെ എ.വി

കുഞ്ഞമ്പു തന്നെയായിരുന്നു കമ്മറ്റി പ്രസിഡന്റ്. വിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുതുടങ്ങിയതോടെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടി വന്നു. അങ്ങനെയാണ് കമ്മറ്റിയുടെ കൈവശമുണ്ടായിരുന്ന എട്ട് ഏക്കർ സ്ഥലത്തിൽ നിന്നും മൂന്നേക്കർ സ്ഥലം ലേലം ചെയ്തു നൽകി പുതിയ കെട്ടിട നിർമ്മാണത്തിന് പണം കണ്ടെത്തേണ്ടി വന്നത്.

ജീവിതത്തിന്റെ വലിയൊരു പങ്ക് ഈ വിദ്യാലയത്തിന്റെ നിർമാണത്തിനും അഭിവൃദ്ധിക്കും വേണ്ടി നിസ്വാർത്ഥമായി മാറ്റി വച്ച കർമ്മധീരനായ എ.വി. കുഞ്ഞമ്പുവിന്റെ പേരിലാണ് ഇന്ന് ഈ വിദ്യാലയം അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ മഹത്തായ സേവനങ്ങൾക്കുള്ള അംഗീകാരവും നാടിന്റെ ആദരവുമെന്ന നിലയ്ക്കാണ് 1987 ജൂൺ 2 ന് കരിവെള്ളൂർ ഗവ. ഹൈസ്കൂൾ, കരിവെള്ളൂർ എ.വി.സ്മാരക ഗവ. ഹൈസ്കൂളായി പുനർനാമകരണം ചെയ്യപ്പെട്ടത്.

1991-ലാണ് നമ്മുടെ സംസ്ഥാനത്ത് കോളേജുകളിൽ നിന്നും പ്രിഡിഗ്രി ഡിലിങ്ക് ചെയ്ത് ഹയർ സെക്കന്ററി വിദ്യാലയങ്ങൾ ആരംഭിച്ചത്. ആ വർഷം തന്നെ കരിവെള്ളൂർ ഹൈസ്കൂളിനെ ഹയർസെക്കന്ററിയായി ഉയർത്തിയെങ്കിലും 1992 സപ്തംബറിലാണ് ഇവിടെ ഹയർ സെക്കന്ററി ആദ്യ ബാച്ച് (സയൻസ്) തുടങ്ങിയത്. പിന്നീട് 2004 ൽ കൊമേഴ്സ് ബാച്ചും 2006 ൽ ഹ്യൂമാനിറ്റീസ് ആരംഭിച്ചു. ഇപ്പോൾ രണ്ടു സയൻസ് ബാച്ചുകളും ഓരോന്നുവീതം കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ബാച്ചുമാണ് ഹയർസെക്കന്ററി വിഭാഗത്തിൽ ഉള്ളത്.

അക്കാദമിക തലത്തിലും പാഠ്യേതര തലങ്ങളിലും ഏറ്റവും തിളക്കമാർന്ന നിലവാരം പുലർത്തിപ്പോരുന്ന ഈ സർക്കാർ വിദ്യാലയം സംസ്ഥാനതലത്തിൽ തന്നെ ഏറ്റവും കീർത്തി നേടിയിട്ടുള്ള പൊതു വിദ്യാലയമാണ്. ഹൈസ്കൂൾ വിഭാഗത്തിൽ 783 ഉം ഹയർസെക്കന്ററി വിഭാഗത്തിൽ 450 ഉം കുട്ടികളാണ് ഈ വർഷം ഇവിടെയുള്ളത്.

പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ മികവിന്റെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനായി പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും തിരഞ്ഞെടുത്തിരിക്കുന്നത് നമ്മുടെ വിദ്യാലയമാണെന്നത് അങ്ങേയറ്റം ആഹ്ലാദകരവും അഭിമാനകരവുമാണ്.

ഈ വിദ്യാലയത്തിന്റെ സർവ്വതോമുഖമായ വളർച്ചയ്ക്ക് ഈ നാടും നാടിന്റെ വൈജ്ഞാനികവും സാംസ്കാരികവുമായ ഉണർവ്വിനും ഉയർച്ചയ്ക്കും ഈ വിദ്യാലയവും നൽകിപ്പോരുന്ന സംഭാവനകൾ വളരെ വലുതാണ്. കരിവെള്ളൂർ എന്ന ഈ കാർഷികഗ്രാമം ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അധ്യാപകരും സർക്കാർ ജീവനക്കാരുമടക്കം ഏതു മേഖലയിലും ഉയരങ്ങൾ കീഴടക്കിയ പ്രതിഭാധനരുള്ള ഗ്രാമമായി ഖ്യാതി നേടിയിട്ടുണ്ടെങ്കിൽ അതിനു പിന്നിൽ ഈ വിദ്യാലയവും ഇവിടെ പലകാലങ്ങളായി പ്രവർത്തിച്ച പ്രഗത്ഭരായ അധ്യാപകരും നിസ്വാർത്ഥമതികളും അർപ്പണചേതസ്സുകളുമായ പി.ടി.എ അംഗങ്ങളുമാണ്.

# <u>നവകേരള സൃഷ്ടി പ്രളയാനന്തരം</u>



ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രകൃതി ദുരന്തമാണ് കലിതുള്ളി പ്രളയരൂപത്തിൽ ദൈവത്തിന്റെ സ്വന്തം നാടിനെയാകെ മുക്കിയത്. അശാസ്ത്രീയമായ വികസനപ്രവർത്തനങ്ങളും പ്രകൃതി നശീകരണവും പ്രളയജലത്തിന്റെ അളവും വേഗതയും കൂട്ടുന്നതിന് കാരണമായി. മനുഷ്യൻ പ്രകൃതിയോട് നടത്തിയ ചെയ്തികൾക്കെതിരെ പ്രകൃതി തന്നെ സ്വയം പ്രതികരിച്ചതാണോ, അല്ല മനപൂർവ്വം ഭരണകൂടം ഒരു ദുരന്തത്തിലേക്ക് നാടിനെ തള്ളിവിട്ടതാണോ എന്നതിനെപ്പറ്റി വാദഗതികളും ചർച്ചയും കൊടുമ്പിരി കൊണ്ടിരിക്കുന്ന



ഈ കാലത്ത് രാഷ്ട്രീയ ലാഭത്തിന് മുതിരാതെ ഇനിയൊരു പുതുകേരളം എങ്ങനെ നമുക്കു സൃഷ്ടിക്കാം എന്നതിനെക്കുറിച്ചുള്ള ചർച്ചകൾക്ക് പ്രാധാന്യം ഏറുകയാണ്.

സമൂഹത്തിന്റെ നാനാതുറകളിലും ഉള്ളവർ നാടിനെ കരകയറ്റാൻ വേണ്ടി ഒത്തൊരുമിക്കുന്നത് നാം കണ്ടു. ജാതി-മത-വർഗ്ഗ-പ്രാദേശിക വ്യത്യാസങ്ങൾ മറന്ന് മനുഷ്യത്വത്തിന്റെ പരമോന്നത ശൃംഗങ്ങൾ നാം കയറിപ്പറ്റി. മത്സ്യത്തൊഴിലാളികളും യുവജനങ്ങളും രക്ഷാപ്രവർത്തനങ്ങളിലേക്ക് എടുത്തുചാടുമ്പോൾ ഈ നാടിനെ പറ്റിയുളള ചിന്ത മാത്രമായിരുന്നു അവരുടെ ഉള്ളിൽ. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് സഹായഹസ്തങ്ങൾ ഒഴുകിയെത്തി. ഓണാഘോഷം പോലും നമ്മൾ മാറ്റിവയ്ക്കാൻ തയ്യാറായി. ഒന്നാകണം എന്നതിന്റെ ചുരുക്കെഴുത്താണ് ഓണം എന്നു പറയാറുണ്ടെങ്കിലും ഈ വർഷമാണ് യാഥാർത്ഥ്യമായത്. രക്ഷാപ്രവർത്തനങ്ങളിൽ വച്ച് ജീവൻ നഷ്ടപ്പെട്ടവർ എത്ര? അപകടം സംഭവിച്ചവർ എത്ര? കേരളീയർ സ്വാർത്ഥരായി മാറുന്നു, അവർ മനുഷ്യത്വത്തിന്റെ വില മറന്നുപോകുന്നു എന്നൊക്കെയുള്ള ആക്ഷേപങ്ങൾ ഒരൊറ്റ വെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി.

ഒരു വൃദ്ധയ്ക്ക് ബോട്ടിൽ കയറാൻ വേണ്ടി കുനിഞ്ഞുകിടന്ന ജെയ്സൽ എന്ന യുവാവും ഹെലികോപ്റ്ററിൽ കയറുന്ന പൂർണഗർഭിണിയായ യുവതിയുടെ ചിത്രവും സാമൂഹ്യമാധ്യമങ്ങളിൽ വൈറലായി. സൈന്യത്തിന്റെയും മത്സ്യത്തൊഴിലാളികളുടെയും സേവനം എടുത്തുപറയേണ്ടതാണ്.



പ്രളയാനന്തരം മലയാളി പഠിക്കുകയാണ്; ഒരൊറ്റ മഴയിൽ ഇല്ലാതാകുന്നതാണ് സമ്പാദ്യം. ഒരു അപകടമുണ്ടായാൽ രണ്ടാൾ പൊക്കത്തിൽ കെട്ടിയുയർത്തിയ മതിലിനപ്പുറത്തെ അയൽക്കാരൻ മാത്രമേ നമുക്ക് ഉണ്ടാവുകയുള്ളൂ. എപ്പോഴും തലകുനിഞ്ഞു മാത്രം ഉണ്ടായിരുന്നവർ ഇപ്പോൾ

നേരെ നോക്കാൻ തുടങ്ങി. ഒരാഴ്ച മൊബൈൽ ഇല്ലാതെ ജീവിച്ചപ്പോൾ അവർ നാടിനെപ്പറ്റിയും കുടുംബത്തെപ്പറ്റിയും ചിന്തിക്കാൻ തുടങ്ങി. മൊത്തത്തിൽ മലയാളിയുടെ ജീവിതത്തിൽ വലിയൊരു മാറ്റത്തിന് കാരണമായി.

പ്രളയത്തിൽ വീടും സ്വത്തും കുടുംബവും എല്ലാം നഷ്ടപ്പെട്ടവർ നിരവധിയാണ്. അവരുടെ ഉയർത്തെഴുന്നേൽപ്പാണ് ആദ്യം നമ്മുടെ മുമ്പിലുള്ളത്. സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അനുകരണീയമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അകമൊഴിഞ്ഞ് സംഭാവനകൾ



ഒഴുകിയെത്തി. പ്രായഭേദമന്യേ യുവജനങ്ങളും രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക പ്രവർത്തകരും കാലവർഷപ്പെടുതിയിൽ പെട്ടവരെ സഹായിക്കാൻ ഓടിയെത്തി. പ്രളയാനന്തരം നടത്തിയ വീട് ശുചീകരണവും പരിസരശുചീകരണവും എടുത്തുപറയേണ്ടതാണ്. പകർച്ചവ്യാധി കൾ പെരുകുന്നത് തടയാൻ തടയാൻ ഏറെക്കുറെ സഹായിച്ചത് ഈ പ്രവർത്തനങ്ങളാണ്. കൂടാതെ ഏറ്റവും കൂടുതൽ ഭീഷണിയായിരുന്ന പകർച്ചവ്യാധികൾ തടയാൻ വേണ്ടി ആരോഗ്യവകുപ്പ് നടത്തിയ പ്രവർത്തനങ്ങളും മാതൃകാപരമായിരുന്നു.

ഈ കെടുതിയിൽ നിന്ന് കരകയറാൻ നാം ഒത്തൊരുമിക്കേണ്ടതുണ്ട്. ശാസ്ത്രീയമായ വികസനപ്രവർത്തനങ്ങളിലൂടെയും പ്രകൃതിസംരംക്ഷണത്തിലൂ ടെയും ഒരു നവകേരളം നമുക്ക് സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിൽ അമേരിക്കയുടെ ആക്രമണത്താൽ തകർന്നുപോയ ജപ്പാൻ ഉയർത്തെഴുന്നേറ്റ് ഇന്ന് ലോകത്തിലെ വൻ ശക്തിയായി മാറിയത് നമുക്ക് മുന്നിലെ ഏറ്റവും ഉദാർത്ഥമായ ഉദാഹരണമാണ്. കേന്ദ്രസർക്കാരിന്റെ വിഹിതം തീർത്തും ചെറുതാണ്. പുതിയൊരു കേരളം സൃഷ്ടിച്ചെടുക്കാൻ ഇനിയും വൻതുക നമുക്ക് ആവശ്യമാണ്. 20000 കോടിയോളം രൂപ വേണമെന്നാണ് പ്രാഥമിക കണക്ക്. വികസനപ്രവർത്തനങ്ങൾ പരിസ്ഥിതിസൗഹൃദമാകേണ്ടത് അത്യന്താപേക്ഷിതമാണ്. പരിസ്ഥിതിസൗഹൃമില്ലാത്ത പ്രവർത്തനങ്ങൾക്ക് വിലക്കേർപ്പെടുത്തേണ്ടതും അനിവാര്യമാണ്. ഇതുപോലെ ഇങ്ങനെ ഒരു കെടുതി താങ്ങാൻ ചിലപ്പോൾ കേരളത്തിനായി എന്നു വരില്ല. നൂറ്റാണ്ടുമുമ്പ് ഏറ്റവും വലിയ ദുരന്തമാണ് നമുക്ക് മുന്നിലൂടെ കടന്നുപോയത്. പാഠപുസ്തകം നഷ്ടപ്പെട്ടവരും സ്കൂൾ തകർന്നുപോയതുമായ വിദ്യാർത്ഥികളുടെ കണ്ണീരുറ്റുന്ന ചിത്രം നമ്മുടെ മനസ്സിനെ നൊമ്പരപ്പെടുത്തുന്നതാണ്. നമ്മുടെ സഹോദരങ്ങൾക്ക് പുസ്തകമില്ല, യൂനിഫോമില്ല. ഇനിയൊരിക്കൽ കൂടി ഇങ്ങനെ ഒരു കേരളം നമുക്ക് വേണ്ട. ഡാമുകളുടെ സുരക്ഷിതത്വവും ഏറ്റവും വലിയ ഭീഷണിയാണ്. അതിനു വേണ്ട പ്രവർത്തനങ്ങളും

ദ്രുതഗതിയിൽ ചെയ്തു തീർക്കണം. വീടു നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകണം. കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കണം. ഈ സഹായങ്ങൾ ഏറ്റവും താഴെ തട്ടിൽ അഴിമതിയുടെ കറ പുരളാതെ എത്തിച്ചേരണം. 'സാലറി ചലഞ്ചി'ലൂടെയും സംസ്ഥാന സർക്കാർ പുതിയ ലോട്ടറി ഇറക്കിയും മറ്റും നവകേരളസൃഷ്ടിക്കായി സ്വരുക്കൂട്ടുകയാണ്. അതിലേക്ക് നമ്മളാൽ കഴിയുന്ന വിധം നമുക്ക് സഹായിക്കാം. 'കൊള്ളാത്തവൻ കൊണ്ടാലേ പഠിക്കൂ' എന്ന പഴഞ്ചൊല്ല് ഇന്ന് അന്വർത്ഥമാകുകയാണ്. ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ട ഈ കാലവർഷക്കെടുതിയിൽ കേരളീയർക്കുണ്ടായിരുന്ന ഐക്യവും സ്നേഹവും കാരുണ്യവും മനുഷ്യത്വവും മാതൃകാപരമാണ്. നവകേരളസൃഷ്ടിക്കായുള്ള പ്രവർത്തനങ്ങളിലും ഈ സഹായവും സഹകരണവും നമുക്ക് ആവശ്യമാണ്. 'ഇന്നു ഞാൻ, നാളെ നീ' എന്ന വാക്യം നമ്മുടെ മനസിൽ ഉണ്ടാകണം. ഇപ്പോൾ നമ്മൾ സമ്പാദിക്കുന്നതെല്ലാം നാളെ ഇല്ലാതാക്കാം. ജീവിതാവസാനം ബാക്കിയുണ്ടാവുക സ്നേഹബന്ധങ്ങൾ മാത്രമായിരിക്കും. ഇന്ന് നമുക്കുള്ളതെല്ലാം നാളെ ഇതുപോലെ ഒരു പ്രളയത്തിൽ ഒലിച്ചുപോകാം. 'നിന്നെ പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' എന്നായിരിക്കണം നമ്മുടെ ആപ്തവാക്യം. ഈ ദുരന്തത്തെ നേരിടുമ്പോൾ നമുക്കിടയിലുണ്ടായ ഒത്തൊരുമ ഇനിയങ്ങോട്ടും ആവശ്യമാണ്. നമുക്ക് ഒരുമിക്കാം. . . . . . .  . . . . ഒരു പുതിയ കേരളത്തിനായി.

കാർത്തിക.ആർ.പി
X C

## അറിയുന്നില്ല



സന്ധ്യകളിൽ,
ചെമ്പൻ കുതിരകളുടെ
കുളമ്പടിയൊച്ചകൾ
ആകാശത്ത് മേഖങ്ങളുടെ പടയോട്ടം.

പുൽക്കുടിലുകൾ;
നക്ഷത്ര വിളക്കുകൾ.

തോണിതുഴഞ്ഞത് പാലമരത്തിലെ
ഗന്ധർവ്വ കന്യകകൾ

ഒരു മുന്തിരിവള്ളിച്ചുവട്ടിൽ
അവർ കാത്തുനിന്നു



നിലാവ് പെയ്തുതുടങ്ങി
വെയിൽ നിറഞ്ഞു

ഈ ജാലകം സ്വപ്നമോ?
സത്യമോ?

## പരിണാമം

ഒരു ഫുൾബോട്ടിൽ അടിച്ചു ഫിറ്റായി അയാൾ കുഴഞ്ഞു വീണത് ഓടയിലേക്കായിരുന്നു. വീണപ്പോൾ, എഴുന്നേൽക്കാനാകാതെ അയാൾ പിടഞ്ഞുകൊണ്ടിരുന്നു. അപ്പോഴാണ്, അയാൾ സ്ലാബുകൾക്കിടയിൽ കുരുങ്ങിയ നീളൻ വാൽ കണ്ടു ഞെട്ടിയത്!

മിഴി വി.പി.
IX A

## മുത്തുകൾ കോർത്ത് മാലയൊരുക്കി

പ്രദോഷം പൊട്ടിവിടരുന്ന ആ നേരത്താണ് ഞങ്ങൾ യാത്ര തിരിച്ചത്. മൊത്തം കുട്ടികളെ മൂന്നായി തിരിച്ച് 3 ബസ്സുകളിലായി കൂടെ അധ്യാപകരും ചേർന്നപ്പോൾ പഠനയാത്രയുടെ മാറ്റ് കൂടി. അധ്യാപക-വിദ്യാർത്ഥി അന്തരം ഭേദിച്ച് ഞങ്ങൾ ബസ്സിൽ ഉത്സവാന്തരീക്ഷം സൃഷ്ടിച്ചു. ക്ലാസിൽ പലപ്പോഴും വില്ലന്മാരായി അവതരിച്ചിരുന്ന ഞങ്ങളുടെ ഗുരുക്കന്മാർ ഇവിടെ ഞങ്ങളുടെ നിലയിലേക്ക് ഇറങ്ങിവന്നത് ഞങ്ങളിൽ അത്ഭുതം ജനിപ്പിച്ചു. എല്ലാവരും പരിസരം മറന്ന് പഠനയാത്രയുമായി ഇഴചേർന്നു.

ആദ്യദിവസം ഞങ്ങളുടെ ഊണും ഉറക്കവും എല്ലാം ബസ്സുമായി ബന്ധപ്പെട്ടായിരുന്നു. ഇടയ്ക്ക് ഭക്ഷണം കഴിക്കാനായി ഒരു പമ്പിൽ ബസ്സ് നിർത്തി. അപ്പോൾ ബസ്സിൽ ഞങ്ങൾക്കൊപ്പമില്ലാത്ത കൂട്ടുകാരെ കണ്ട് സംതൃപ്തിയടഞ്ഞു. തിരിച്ച് ബസ്സിൽ കയറി പാട്ടിനൊത്ത് ചുവടുവച്ചു. ജീവിതത്തിൽ ഇന്നേവരെ ഡാൻസ് കളിച്ചിട്ടില്ലെന്ന് ഞാൻ വിചാരിച്ച എന്റെ കൂട്ടുകാരിൽ പലരും അന്നവിടെ ആർത്തുല്ലസിച്ചുകൊണ്ട് നൃത്തംചെയ്തു. ഞങ്ങളെല്ലാവരും സന്തോഷത്തിൽ ആറാടി. രാത്രി സിനിമയും കണ്ട് ഞങ്ങൾ ബസ്സിൽ കിടന്നുറങ്ങി.

പിറ്റേന്നു പുലർച്ചെ ഉറങ്ങി; എന്നു പറഞ്ഞുകൂടാ, ഉറക്കം നടിച്ച് കിടന്നു. എല്ലാവരുമല്ല, കുറച്ചുപേരെങ്കിലും യാത്രാ ആസ്വദിക്കുന്നുണ്ടായിരുന്നു. ഞങ്ങളെല്ലാവരും കാക്കക്കൂട്ടിൽ കല്ലിട്ട ഒരവസ്ഥ അവിടെ സൃഷ്ടിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ ഞങ്ങൾ ഉറക്കത്തിന്റെ അഗാധമായ ആഴത്തിലേക്ക് വഴുതി വീണു. രാത്രിയുടെ ഏകാന്തയാമങ്ങളിൽ ഞങ്ങൾ മുഴുകിച്ചേർന്നു.

പിറ്റേദിവസം പുലർച്ചെ ഞങ്ങൾ പഴനിയിലെത്തി. തലയുയർത്തിനിൽക്കുന്ന കാറ്റാടിപ്പാടങ്ങൾ പഴനിയിലേക്ക് ഞങ്ങളെ വരവേറ്റു. പഴനിയുടെ ഹൃദയഭാഗത്തുള്ള ഒരു ലോഡ്ജിൽ ഞങ്ങൾക്കുള്ള താമസം ഒരുക്കിയിരുന്നു. എല്ലാവരും അവരവർക്കായി നീക്കിവച്ചിരുന്ന മുറികളിലേക്ക് ചേക്കേറി. കുളിച്ച് യൂനിഫോമും ധരിച്ച് ഞങ്ങൾ പഴനിമല കയറാനൊരുങ്ങി. അതൊരു ഒന്നൊന്നര യാത്രയായിരുന്നു. 1001 പടികൾ. ആദ്യ നല്ല രസമായിരുന്നു. പകുതിയാകുമ്പോഴേക്കും എല്ലാവരും കാറ്റുപോയ

ബലൂൺ പോലെയായി. മുഴുവൻ കയറണോ അല്ല താഴേക്കിറങ്ങണോ എന്നറിയാത്ത അവസ്ഥ. ഒടുവിൽ ഞങ്ങൾ തീരുമാനിച്ചു; കയറുക. തുടങ്ങിവച്ച യുദ്ധം അവസാനിപ്പിക്കാതെ വയ്യല്ലോ. ഓരോ പടിയും താങ്ങി ഞങ്ങൾ മുകളിലെത്തി. അപ്പോൾ അനുഭവിച്ച സുഖം, അത് പറഞ്ഞറിയിക്കാൻ കഴിയില്ല. ഓരോ പടവും പിന്നിടുമ്പോൾ ഞങ്ങൾ താഴേക്ക് നോക്കിയിരുന്നു. ആ കാഴ്ചയാണ് എന്നെ ഏറെ ആകർഷിച്ചത്. നമ്മൾ ഉയരത്തിലെത്തുമ്പോൾ താഴെയുള്ളവരെല്ലാം ഉറുമ്പിന് സമാനമായാണ് തോന്നിയത്. പഴനി അമ്പലത്തിലെത്തി താഴേക്ക് നോക്കുന്നതാണ് എന്നെ സംബന്ധിച്ച് ഏറ്റവും അത്ഭുതകരമായി തോന്നിയത്. കുന്നും മലയും മരങ്ങളും ചേർന്ന അഭൂതപൂർവമായ കാഴ്ച. അപ്പോഴാണ് ആ പടവുകൾ കയറിയതുകൊണ്ടുള്ള ഗുണം ഞാൻ മനസിലാക്കിയത്. അത്യാവശ്യം കുറച്ചു സാധനങ്ങൾ വാങ്ങി ഞങ്ങൾ പടികൾ താഴെയിറങ്ങി.

ഞങ്ങളുടെ അടുത്ത സന്ദർശന സ്ഥലം ആരെയും കൊതിപ്പിക്കുന്ന കൊടൈക്കനാൽ ആയിരുന്നു. റൂമിൽ തിരിച്ചെത്തി സ്വെറ്ററും മറ്റുമെടുത്ത് ഞങ്ങൾ ചായയും കുടിച്ച് ബസ്സിൽ കയറി. പാട്ടുംപാടി ഞങ്ങൾ യാത്ര തുടങ്ങി. കൊടൈക്കനാലിലെ കാഴ്ചകളെക്കാൾ എന്നിൽ അത്ഭുതം സൃഷ്ടിച്ചത് വഴിയോരക്കാഴ്ചകളാണ്. അതിലും അത്ഭുതം തോന്നിയത് തമിഴ്നാട്ടിലെ ജനജീവിതമാണ്.



അടുത്തടുത്ത് ചെറിയ ചെറിയ വീടുകൾ അവരുടെ ബെഡ്റൂമും



അടുക്കളയുമൊക്കെ അതുതന്നെയായിരുന്നു. അതിലവർക്ക് ആരോടും പരാതിയില്ല. എങ്ങും നിറഞ്ഞുനിൽക്കുന്ന കാർഷികവിളകൾ. മാവും പേരയും വാഴയുമെല്ലാം കേരളത്തിലുള്ളതിനേക്കാൾ തമിഴ്നാട്ടിൽ കാണാൻ ഞങ്ങൾക്ക് സാധിച്ചു. അത് വളരെ മനോഹരമായിരുന്നു. ഒടുവിൽ ഞങ്ങൾ കൊടൈക്കനാലിന്റെ മാറിലെത്തി. അവിടെ നിന്നുള്ള ഉച്ചഭക്ഷണമാണ് അടിപൊളി. കുരങ്ങുകൾക്കിടയിൽ ഒരു ഊണ്. അതിനിടയിൽ

കൂട്ടത്തിലൊരാളുടെ ഭക്ഷണം ഒരു കുരങ്ങൻ കൊണ്ടുപോയി. ഞങ്ങൾ പൊട്ടിച്ചിരിച്ചു. അതും അങ്ങനെ ശുഭമായി പര്യവസാനിച്ചു. കൊടൈക്കനാലിൽ ഞങ്ങൾ പൈൻ ഫോറസ്റ്റ് സന്ദർശിച്ചു. പൈൻ മരങ്ങൾക്കിടയിലൂടെ ഞങ്ങൾ ഓടിച്ചാടി രസിച്ചു. അതിനുമുന്നെ ഞങ്ങളൊരു വെള്ളച്ചാട്ടവും കണ്ടു. സന്തോഷത്തോടെ മഞ്ഞിന്റെ പുതപ്പും ചൂടി ഞങ്ങൾ ഉല്ലസിച്ചു. എങ്ങും മഞ്ഞിന്റെ ആവരണം. വെള്ള നിറത്തിലുള്ള മഞ്ഞുപാളികളുടെ തണുപ്പ്. അതൊന്ന് വേറെതന്നെയാണ്. ഒടുവിൽ ഞങ്ങൾ 'സൂയിസൈഡ് പോയിന്റും' സന്ദർശിച്ചു. ഇന്നതിന്റെ പേര് ഗ്രീൻ വാലി വ്യൂ എന്നാണ്. അവിടെ നിന്ന് കുറേ സാധനങ്ങളും വാങ്ങി ഞങ്ങൾ ബസ്സിൽ കയറി. പോകുമ്പോഴും വരുമ്പോഴും ഞങ്ങൾ വലിയൊരു ചുരം കയറിയിരുന്നു. ഓരോ ചുരം കയറുമ്പോഴും ബസ്സിന്റെ കിളിവാതിലിലൂടെ ഞങ്ങൾ പുറത്തേക്കു നോക്കി. തടാകങ്ങളും മലയും ചെടിയുമെല്ലാം വളരെ ചെറുതായി തോന്നി. അത് വളരെ രസകരമായിരുന്നു. രാത്രി ചുരമിറങ്ങി ഞങ്ങൾ റൂമിൽ തിരിച്ചെത്തി. കുളിച്ച് ഫ്രഷായി ഭക്ഷണവും കഴിച്ച് ഞങ്ങൾ കിടന്നുറങ്ങി. പിറ്റേന്ന് രാവിലെ ഞങ്ങളുടെ ബാഗും സാധനങ്ങളുമെടുത്ത് മൂന്നാറിലേക്കുള്ള യാത്ര തിരിച്ചു. പഠനയാത്രയുടെ രണ്ടാം ദിവസം. അത് മൂന്നാറിലാണ് ഞങ്ങൾ ആഘോഷിച്ചത്.



വിളഞ്ഞുനിൽക്കുന്ന തേയിലത്തോട്ടങ്ങളാണ് മൂന്നാറിൽ ഞങ്ങളെ എതിരേറ്റത്. തേയിലകൾക്കിടയിലൂടെ അവയുടെ സൗന്ദര്യം നുണഞ്ഞ് ഞങ്ങൾ മൂന്നാറിൽ ചെലവഴിച്ചു. തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്കുള്ള ഒരു യാത്ര. അതിനിടയിൽ ഞങ്ങൾ ശർക്കര നിർമ്മിക്കുന്നതുകണ്ടു. ഒപ്പം തന്നെ ഒരു മുനിയറയും. കുന്നിനുമുകളിലായിരുന്നു മുനിയറ. മൂർച്ചയേറിയ സൂര്യകിരണങ്ങൾ താണ്ടി കുന്നുകടന്ന് ഞങ്ങൾ അതിന്റെ ഉച്ചിയിലെത്തി. മുനിയറ സന്ദർശിച്ചു. തിരിച്ച് കുന്നിറങ്ങി ഞങ്ങൾ ബസ്സിൽ കയറി. യാത്രയുടെ രണ്ടാം ദിനമായിരുന്ന മൂന്നാറിന്റെ അന്ത്യത്തിൽ ഞങ്ങളെക്കാത്ത് ഒരു വലിയ പാർട്ടി ഒരുങ്ങിയിരുന്നു. ബസ്സിൽ ആഹ്ലാദിച്ച് ആഘോഷിച്ച് ഞങ്ങൾ പാർട്ടിയിൽ

എത്തിച്ചേർന്നു. നല്ല അടിപൊളി പാർട്ടിയായിരുന്നു. പാർട്ടി അല്ല, ക്യാമ്പ് ഫയർ. അവിടെ തീ കൂട്ടി പാട്ടും വച്ച് അതിനൊത്ത് ചുവടുവച്ച് ഞങ്ങൾ അതൊരു ആഘോഷമാക്കി മാറ്റി. അങ്ങനെ അതും കഴിഞ്ഞു. പുതിയൊരു ലോഡ്ജിൽ ഞങ്ങൾ എത്തിച്ചേർന്നു. ബാഗ് അവിടെ വച്ച് കളിച്ചു. ഉറക്കം എന്ന മായാജാലം ഞങ്ങൾക്കുള്ള ക്ഷണക്കത്തുമായി അപ്പോഴേക്കും അവിടെയെത്തി.

ഞങ്ങളുടെ യാത്രയുടെ അവസാനദിനം. ഞങ്ങളേറെ ആഗ്രഹിച്ച സ്ഥലം ; 

"വണ്ടർലാ". പക്ഷേ ചെറിയ വിഷമം. യൂത്ത് കോൺഗ്രസിന്റെ രണ്ടു പ്രവർത്തകരെ വെട്ടിക്കൊലപ്പെടുത്തി എന്നുള്ള ശോചനീയവാർത്തയുമായാണ് വണ്ടർല ഞങ്ങളെ എതിരേറ്റത്. ഉള്ളിൽ അവരോടുള്ള സഹതാപവും പേറി ഞങ്ങൾ വണ്ടർലയിൽ എത്തി. ആദ്യം വേഷം മാറി ഞങ്ങൾ "ഡ്രൈ റൈഡിലെ"ല്ലാം കയറി. നിരവധി "അഡ്വഞ്ചേഴ്സ് " . നമ്മൾ അതെല്ലാം ആസ്വദിച്ചു. ഉച്ചയ്ക്കുശേഷം "വാട്ടർ റൈഡ്സ്." എന്തൊക്കെത്തരം റൈഡുകളാണെന്നോ! എല്ലാം അടിപൊളി. ഒടുവിൽ ഞങ്ങൾ വണ്ടർലയോട് വിടപറഞ്ഞു അതോടുകൂടി ഞങ്ങളുടെ യാത്ര അവസാനത്തിലെത്തി. ബസ്സിൽ കയറി അവസാനദിനം ആഘോഷിച്ചു. പിന്നീട് ഞങ്ങൾ ലുലു മാളിൽ പോയി. അവിടെ മുഴുവൻ കയറി ഒടുവിൽ കൊച്ചിമെട്രോയിൽ യാത്രയും നടത്തി ഞങ്ങൾ തിരിച്ച് ബസ്സിൽ കയറി. അടിച്ചുപൊളിച്ച് യാത്രയുടെ അന്ത്യം കുറിക്കാൻ ഞങ്ങൾ തീരുമാനിച്ചു. രാവിലെ ഞങ്ങൾ ഗുരുവായൂരിൽ പോയി. അങ്ങനെ യാത്ര അവസാനിച്ചു. ഞങ്ങൾ തിരിച്ച് വീട്ടിലേക്ക്...

**വൃന്ദ.സി**

**IX A**

# BOUQUET

I thought of making
a bouquet of my life,
It occurred to me that,
there it strewn the past
and present of my hopes
and a vine so green,
entwined with future



A bouquet of my dreams,
vivid aspirations,
placed many flowers,
and I was proud,
of being an owner of one.
But fate's pastime
decreed otherwise;
it broke and shattered,
my bouquet conspired
to throw it an endless
chasm of loneliness.

Phalgunan T.T.V
HST English

# Environmental Pollution

We are polluting our mother nature in different ways in earlier times ,our ancestors worshipped and loved our nature .But now ,We are polluting and destroying the same nature,although it gives us shelter and factors that lead to the survival of humans. The nature is our mother. We know that our mother protects us from all violating factors .Nowadays,We are producing plastics, which not only affect the nature,but also eats our life. When we pollute our nature,it also revenges us by occurring natural calamities. An example is the large flood that affected our Kerala. We,humans are levelling hills,destructing paddy fields ,etc.,and constructing large buildings. By finding our way of happiness in life,we are destroying the nature. By the occurrence of each natural calamities,nature is teaching us some lessons. We are depositing plastic and e-wastes in the soil and making it un-fertile by our activities, so many innocent plants and animals are dying. But these are not the matters of human life .we want to make happiness by any ways with our activities that affect the very structure of the nature by destroying our nature ,we are destroying ourselves. It is our duty to preserve nature and earth. But nowadays,our duty is polluting and destroying the nature. We are forgetting that our lives are maintained by our nature. Plants give us the oxygen for survival,but we are avoiding it. we





are making artificial oxygen in oxygen bags and breathing it. The basic factors of life are air,water,food and soil. But nowadays these are artificial. We are cutting the trees and the plants for residing by forgetting that only trees and plants can protect us. We are making the soil un-fertile by forgetting that presence of soil only can make the life of us. Our life giving oxygen is minimizing nowadays and we are maximizing the life-taking carbon dioxide. Trough all these ways,we are taking our life to danger. We are closing the ways of rivers nowadays,but we want to remember that when we close the ways of rivers,it will flow in the ways we sit. The activities of humans are facing threat by the natural calamities that occurring now.

We are destroying our present time by forgetting about the past and not remembering about our future. We are forgetting our history of ancestors. We are pulling our children to danger. New generation forgot the good and are going to do the worst. We want to preserve the nature,we must preserve the nature. Save nature,save ourselves.

Anamika Mohan

VIII A

## വയലപ്രയിലെ രാത്രികാല ബോട്ടുയാത്ര

അന്ന് ഒരു ഞായറാഴ്ച്ച ദിവസമായിരുന്നു. ഞാനും എന്റെ കുടുംബവും വയലപ്രയിലേക്ക് ഒരു വിനോദയാത്ര പോയതാണ്. ഞങ്ങൾ വയലപ്ര കായലിന് മുകളിൽ കൂടിയുള്ള ചെറിയ പാലത്തിലൂടെ നടന്നുപോകുമ്പോൾ, മൂന്നമത്തെ തവണയാണ് പോയത് എന്നതിനാൽ ഭയം മാറി നല്ല രസമായിരുന്നു. വൈകുന്നേരം ഞങ്ങൾ ബോട്ടുയാത്ര നടത്തി. വളരെ മനോഹരമായിരുന്നു. രാത്രി ഇരുട്ടിതുടങ്ങിയതിനാൽ കായലിലെയും ബോട്ടിലെയും ലൈറ്റ് ഉണ്ടായിരുന്നു, അതിനാൽ തന്നെ ആ യാത്ര കൂടുതൽ മനോഹരമായിത്തീർന്നു. വളരെ മനോഹരവും പല ബൾബുകൾ പലനിറത്തിലും ഉള്ളതായതിനാൽ വയലപ്രകായൽ പ്രകാശപൂരിതമായിരുന്നു. കായലിലെ മീനുകൾ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് ഉയർന്നു ചാടുന്നത് കണ്ടു. മീനിന്റെ നിറം സ്വർണ നിറം പോലെ തിളങ്ങുന്നതായി എനിക്കു തോന്നി. വയലപ്രകായലിന്റെ ഇരുവശങ്ങളിലും നടുവിലും ധാരാളം കണ്ടൽക്കാടുകൾ ഉണ്ടായിരുന്നു. കണ്ടൽക്കാടിനെ വലയം വച്ച് തിരിച്ചുവരുന്നതാണ് ബോട്ടുയാത്ര. കണ്ടൽക്കാട് കണ്ടപ്പോൾ എനിക്ക് ഭയമായിരുന്നുവെങ്കിലും തിരിച്ച് വരുമ്പോൾ ആദ്യം വെറും ചെറിയ ലൈറ്റ് മാത്രം കണ്ട പാലം അടുത്തുവരുന്തോറും വലുതായിക്കൊണ്ടിരുന്നു. ഈ യാത്ര വളരെ മനോഹരമായിരുന്നു.

# Little Drops of God

The  little drops falling
From the dark clouds
like pearl it is coming

The magic, I am waiting
For this moment
On the earth it fades away

With a curious look
I closed my eyes and
Awake my ears
To have the beautiful song

I chilled up, my mind is
So happy and so sad
After some moments
It will shade away like the pearls

After the death of rain
The beauty of the nature is gone
But it doesn't matter
The sky will be filled with lights

On this moment I can't
See an another thing in
The big world, only I can
See the little drops of Gods

Maybe it is the tear of angels
Not for a bad moment
The happy tears of angels
A loving tears for the earth

Maybe this is a message to the earth
With a secret language
Nobody knows that
But the earth always hearing that.

The beautiful rain in the twilight
I saw till the end of the rain
I am mad with this magic
This none the magician can

Adithya Pavithran

IX A

# ഹരിത

# രസതന്ത്രം

# ഹരിതരസതന്ത്രം സെമിനാർ

ശാസ്ത്രത്തിന്റെ പ്രവർത്തനങ്ങൾ സാമൂഹിക പുരോഗതി സാധ്യമാക്കുന്നതോടൊപ്പം പ്രകൃതിയേയും പരിസ്ഥിതിയേയും മുറിവേൽപ്പിക്കാത്തതുമാകണം. പരിസ്ഥിതി സൗഹൃദ പരമായ ഒരംശം ഏതൊരു ശാസ്ത്രചർച്ചയുടെയും പ്രവർത്തനത്തിന്റേയും ആന്തരിക ധാരയായി വർത്തിക്കേണ്ടതുണ്ട്. സാധ്യമായിടത്തോളം ഇത്തരം അംശങ്ങൾ ഉൾപ്പെടുത്താനും ഹരിതരസതന്ത്രം അടക്കമുള്ള നൂതന ആശയങ്ങൾ ചർച്ചചെയ്യാനും വേണ്ടിയാണ് 'രസതന്ത്രം മാനവപുരോഗതിക്ക് ' എന്ന പാഠഭാഗം.

ആശയങ്ങളെ കൂടുതൽ മനസിലാക്കാനും പ്രായോഗിക ജീവിതത്തിൽ എങ്ങനെ പ്രാവർത്തികമാക്കാം എന്നതിനെക്കുറിച്ച് അറിവ് നേടാൻ വേണ്ടിയാണ് ഈ സെമിനാർ സംഘടിപ്പിച്ചത്. ഈ സെമിനാറിലൂടെ മനസിലാക്കിയ ആശയങ്ങൾ നിങ്ങളുടെ ജീവിതത്തിൽ പ്രാബല്യത്തിൽ കൊണ്ടുവരുമെന്ന് വിശ്വസിച്ചുകൊണ്ട് ഹരിത രസതന്ത്രം എന്ന ആശയത്തിലേക്ക് ഞങ്ങൾ കടക്കുന്നു.

## ടീം അംഗങ്ങൾ

1. ഗോപിക.കെ
2. ഷബ്ന.എൻ
3. സനൂജ്.സി
4. ഫാസിൽ
5. അഭിനവ്.കെ

- Students of X-E



# താളുകളിലേക്ക്

ശാസ്ത്രപുരോഗതി പാരിസ്ഥിതിക പ്രശ്നങ്ങളുടെ ഉത്ഭവം കൂടിയാണ്. വർധിച്ചുവരുന്ന പരിസ്ഥിതി പ്രശ്നങ്ങളെ അതിജീവിക്കാൻ ശാസ്ത്രം തന്നെ മുന്നിട്ടിറങ്ങിയ കാലത്താണ് ഹരിതരസതന്ത്രം ശ്രദ്ധേയമാകുന്നത്. 1987 ൽ ഐക്യരാഷ്ട്ര സഭയുടെ ഔവർ കോമൺ ഫ്യൂച്ചർ എന്ന റിപ്പോർട്ടാണ് യു.എസ്.എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ഏജൻസിയെ ഹരിതരസതന്ത്രത്തിലേക്കെത്തിച്ചത്. ഹരിതരസതന്ത്രം എന്ന ശാസ്ത്രശാഖയുടെ ആഗമനം പുത്തൻ പ്രതീക്ഷകളാണ് സമ്മാനിക്കുന്നത്. അപകടകാരികളായ രാസവസ്തുക്കളെ നിരുപദ്രവകാരികളാക്കി മാറ്റിയാണ് ഹരിതരസതന്ത്രം പ്രകൃതിയുടെ കൂട്ടുകാരനാവുന്നത്. പരിസ്ഥിതി സൗഹാർദ ഉൽപ്പന്ന നിർമ്മാണത്തിൽ ഈ മേഖല വിജയപഥത്തിലേറി ക്കൊണ്ടിരിക്കുകയാണ്. ഹരിത രസതന്ത്രത്തെ കുറിച്ച് കൂടുതലായി അറിയാൻ ഈ സെമിനാർ ഉപകരിക്കട്ടെ! ! !



# ഹരിത രസതന്ത്രം
## ഒരു വിശകലനം

ഹരിത രസതന്ത്രം പ്രകൃതിയുടെ കൂട്ടുകാരനാണ്. പ്രകൃതിക്കു ദോഷകരമായ കാര്യങ്ങളെ ഗുണമേന്മയിലേക്കു പരിവർത്തനം നടത്തലാണ് ഈ ശാസ്ത്രശാഖയുടെ മുഖ്യ ലക്ഷ്യം. ഹരിത രസതന്ത്രത്തിന്റെ അടിസ്ഥാനത്തിന് ഒരുദാഹരണമാണ് പ്രകാശസംശ്ലേഷണം. ചെടികൾ ആഹാരം പാകം ചെയ്യാനായി ഉപയോഗപ്പെടുത്തുന്ന ഈ പ്രക്രിയയിൽ ജലം വിഘടനവിധേയമായി രാസവസ്തുക്കളായ $H_2$,$O_2$ സൃഷ്ടിക്കപ്പെടുകയും തുടർന്ന് പ്രകൃതിക്ക് ദോഷകരമായിത്തീരുന്ന $CO_2$ വിനെ നിരോക്സീകരിച്ച് കാർബോഹൈഡ്രേറ്റായി മാറ്റുകയും ചെയ്യുന്നു. ദിനം പ്രതി നടക്കുന്ന പ്രകാശസംശ്ലേഷണ

ത്തെക്കാൾ ലോകത്ത് ഒരു വ്യവസായശാലയും രാസപ്രവർത്തനങ്ങൾ നടത്തുന്നില്ല. എന്നിട്ടും സൂക്ഷ്മമായ അളവിൽ പോലും മാലിന്യം സൃഷ്ടിക്കപ്പെടുന്നില്ല എന്ന പ്രകൃതി പഠിപ്പിച്ച പാഠം. പ്രകൃതിക്ക് യാതൊരു ദോഷവുമേൽപ്പിക്കാതെയുള്ള ഇത്തരം പ്രവർത്തനങ്ങളെ ശാസ്ത്രലോകം സ്വാഗതം ചെയ്തിരുന്നു. കാൻസർ ചികിത്സയ്ക്ക് അനുയോജ്യമായ പാക്ളി ടാക്സൽ എന്ന മരുന്ന് നോർത്ത് അമേരിക്കയിൽ കാണുന്ന പസഫിക് യൂ എന്ന മരത്തിന്റെ തൊലിയിൽ നിന്ന് വേർതിരിച്ചെടുത്തിരുന്നു. പക്ഷേ അവർക്കുമുന്നിലെ പ്രധാന പ്രതിസന്ധി മരുന്ന് നിർമ്മാണത്തിനാവശ്യമായ മരങ്ങളുടെ ലഭ്യത കുറവായിരുന്നു. ഇതുമായി ബന്ധപ്പെട്ട് നിരവധി മരങ്ങൾ വെട്ടിമുറിക്കപ്പെട്ടതോടെ മരങ്ങളുടെ സംരംക്ഷണം ആഗ്രഹിച്ചു ഹരിത രസതന്ത്രത്തിന്റെ ആശയങ്ങൾ ഗവേഷകരെ കൃത്രിമ ടാക്സോളിന്റെ നിർമ്മാണത്തിലേക്ക് നയിച്ചു. പ്ലാന്റ് സെൽ ഫെർമെന്റേഷൻ എന്ന ജൈവസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ടാക്സോൾ ഉൽപ്പാദനക്ഷമതയുള്ള ടാക്സസ് സെല്ലുകൾ പ്രത്യേകം ടാങ്കുകളിൽ വളർത്തിയെടുക്കുകയും

ഔഷധനിർമ്മാണത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്യു. കാൻസർ രോഗചികിത്സയ്ക്ക് ഉപയോഗപ്പെടുത്താമെന്ന് യൂമരം നമ്മെ പഠിപ്പിച്ചു ; എന്നാൽ മരുന്നുകളുടെ വ്യാവസായിക നിർമ്മാണത്തിന് യൂമരങ്ങളെ വെട്ടിമുറിക്കണമെന്ന് പ്രകൃതി പഠിപ്പിച്ചിട്ടില്ല. പ്രകൃതി രഹസ്യങ്ങളെ മാതൃകയാക്കി പ്രകൃതിക്കു ദോഷകരമല്ലാത്ത ഉല്പന്നങ്ങൾ നിർമ്മിക്കലാണ് ഹരിതരസതന്ത്രത്തിന്റെ പ്രചോദനം. ഗ്രീൻ കെമിസ്ട്രിയിലെ അവിഭാജ്യഘടകമാണ് ഉൽപ്രേരകങ്ങൾ. ഇവയുടെ കൃത്യമായ ഉപയോഗം മൂലം മാലിന്യ വസ്തുക്കളുടെയും ഉപോൽപ്പന്നങ്ങളുടെും പരിധി കുറയ്ക്കാൻ സാധിക്കുന്നു. ഉൽപ്രേരകങ്ങളായി ഉപയോഗപ്പെടുത്തുന്ന രാസവസ്തുക്കൾ മൂലം മാലിന്യവസ്തുക്കൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. ഇതിന് പരിഹാരമാണ് ജൈവ ഉൽപ്രേരകങ്ങൾ. പുനരുപയോഗം നടത്താനുള്ള ശേഷി രാസപ്രവർത്തനങ്ങളിൽ ജലം ലായകമായി ഉപയോഗപ്പെടുത്താം തുടങ്ങിയവ ജൈവ ഉൽപ്രേരകങ്ങളുടെയും ഗുണമേന്മയിൽ പെടുന്നതാണ്.

## ലക്ഷ്യങ്ങൾ

1. അപകടകാരികളായ രാസവസ്തുക്കളെ ഉപകാരികളോ നിരുപദ്രവകാരികളോ ആക്കി മാറ്റുക.
2. പരിസ്ഥിതി സൗഹാർദമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കൽ
3. മലിനീകരണം കുറയ്ക്കൽ
4. വിഷമയമായ ഉൽപ്പന്നങ്ങൾ പരമാവധി കുറയ്ക്കൽ

ഔഷധനിർമ്മാണം പോലുള്ള നിരവധി മേഖലകളിൽ $CO_2$ വിന്റെ സൂപ്പർ ക്രിട്ടിക്കൽ അവസ്ഥ ഉപയോഗപ്പെടുത്തിയത് ഹരിതരസതന്ത്രത്തിന്റെ നേട്ടങ്ങളിൽ പെടുന്നു.

## ബി.ടി. വിളകളും കീടനാശിനികളും

ബി.ടി വിളകളിലെ ബാസിലസ് ടുറിൻജിയൻസിസ് എന്ന ബാക്ടീരിയ ഉൽപ്പാദിപ്പിക്കുന്ന എൻഡോടോക്സിൻ കീടങ്ങളുടെ ദഹനവ്യസ്ഥയ്ക്ക് തകരാറുണ്ടാക്കി കൊന്നൊടുക്കുമെന്നതാണ് പ്രധാന നേട്ടം. ബാഹ്യമായൊരു കീടനാശിനിയുടെ സഹായമില്ലാതെ വിളകൾ തന്നെ കീടങ്ങളെ കൊന്നൊടുക്കുന്നു.

## ജനിതക ബാക്ടീരിയകൾ

സ്വയം നൈട്രജൻ സ്ഥിരീകരണം നടത്തുന്നതിനും പരിസര ശുദ്ധീകരണത്തിനും ജനിതക ബാക്ടീരിയകളെ ഉപയോഗപ്പെടുത്തുന്നു. സൂപ്പർബഗ്സ് പോലുള്ള എണ്ണ ഭക്ഷിക്കുന്ന ബാക്ടീരിയകൾ വൻതോതിലുള്ള എണ്ണമലിനീകരണത്തെ ഇല്ലായ്മ ചെയ്യുന്നു. എൻഡോസൽഫാനെ വിഘടിപ്പിച്ച് പരിസ്ഥിതിക്ക് ദോഷമല്ലാത്ത ഘടകങ്ങളാക്കി മാറ്റുന്ന പരീക്ഷണങ്ങൾ വിജയിച്ചിരുന്നു.

## ഗ്രീൻ ആണവനിലയങ്ങൾ

ലോകജനതയ്ക്ക് ഭീതി സമ്മാനിക്കുന്ന ആണവനിലയങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങൾക്ക് പരിഹാരമാണ് ഗ്രീൻ ആണവനിലയങ്ങൾ. ഇതിലൂടെ ആണവനിലയ മാലിന്യങ്ങളുടെ അളവും ഭീതിയും കുറയ്ക്കാം.

## ഗ്രീൻ കോൺക്രീറ്റ്

ആഗോളതാപനത്തിന് കോൺക്രീറ്റിന്റെ സംഭാവന ശ്രദ്ധേയമാണ്. താപനത്തോത് കുറയ്ക്കുന്നതും ശക്തിയാർജ്ജിച്ചതുമാണ് ഗ്രീൻ കോൺക്രീറ്റ്. കോൺക്രീറ്റ് ഉയർത്തുന്ന മറ്റൊരു പാരിസ്ഥിതിക പ്രശ്നമാണ് അവയുടെ സംസ്കരണം. ഗ്രീൻ കോൺക്രീറ്റിലൂടെ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമാകുമെന്നാണ് ശാസ്ത്രലോകത്തിന്റെ പ്രതീക്ഷ.

## കൃഷിയിൽ നിന്ന് പ്ലാസ്റ്റിക്

കോണിഫാസ് മരങ്ങളിൽ നിന്ന് ലഭിക്കുന്ന മരക്കറകൾ ഉപയോഗിച്ച് പ്ലാസ്റ്റിക് നിർമ്മിക്കാനുള്ള പരീക്ഷണങ്ങൾ വിജയകരമാക്കി കഴിഞ്ഞു. നവീന ഗവേഷണത്തിൽ പെട്ട ജൈവവിഘടനമുള്ള പ്ലാസ്റ്റിക്കുകൾ പ്ലാസ്റ്റിക് ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കുന്നു.

**<u>വീരചരിതം!</u>**

വീരജവാന്മാരെന്നുയിർക്കൊൾകെ-
യെൻ ഹൃത്തടം പിടഞ്ഞു
വീരരവർ നാടിന്ന് ; ജന്മമേകി-
യവർക്കോമനപുത്രന്മാർ!

തന്മകനെത്ര വളർന്നാലുമമ്മയ്ക്ക്
അവൻ തന്നോമന പുത്രൻ
കുഞ്ഞിളം പൈതൽ ; താൻ കാക്കാതെ
പോയ പൊന്മകൻ.

അഷ്ടിക്കു വകയായവനെ
സൈന്യത്തിൽ ചേർത്തു
തീവ്രപരിശീലനത്താലവൻ
വീരസൈനികനായിപോൽ!

യുദ്ധവിമാനങ്ങൾ, മിസൈലുകൾ
യുദ്ധവാഹിനിക്കപ്പൽ
ടാങ്കുകൾ, പീരങ്കികളെല്ലാ-
മവന്ന് കളിക്കൂട്ടുകാർ.

മറന്നു പോയവൻ താരാട്ടിന്റെയീണം

മറന്നു പേയവൻ മനുഷ്യത്വത്തിന്റെ ഗാഥ(ഗീതി)

മറന്നുപോയവൻ ബന്ധബന്ധനങ്ങൾ

മറക്കാതെ കേട്ടു 'ആജ്ഞ'കൾ നിരന്തരം.

അഷ്ടിക്കു വകയായ് പോയവനിന്നു

വീരനായ്. . . 'വീരജവാൻ'!

(രണാങ്കണത്തിലവൻ മരിച്ചു)

'യുദ്ധം' അവനെ കൊന്നു!

അവന്റെ മരണം 'വീരമൃത്യു'!

മഞ്ഞുമലയിലെ ഹിമപാളിയിൽ

അടരാനാവാത്തൊരു പാളിയായ്.  . .

എത്ര കൊടും തപം വേണമിന്നടർത്തുവാൻ

അവനിലെ താരാട്ടിനെ തൊട്ടുണർത്തുവാൻ!

**Vasantha P.V.**

**HST English**

## മാടായിപ്പാറ - ജൈവവൈവിധ്യകലവറ



ചരിത്രവും ഐതിഹ്യവും ഇഴചേർന്ന് കിടക്കുന്ന മാടായിപ്പാറ അത്യപൂർവങ്ങളായ ജൈവവൈവി

ധ്യങ്ങളാൽ സമ്പന്നമായ വിസ്മയ 'ഭൂമിക' കൂടിയാണ്. സഞ്ചാരികളേയും പ്രകൃതിപഠിതാക്കളേയും എന്നും ആകർഷിച്ചുകൊണ്ടിരിക്കുന്ന മാടായിപ്പാറയിലേക്കായിരുന്നു ഇത്തവണ ഞങ്ങൾ ഇക്കോക്ലബ്ബിന്റെ നേതൃത്വത്തിൽ പഠനയാത്ര സംഘടിപ്പിച്ചത്.

വേനലിൽ കത്തിയമർന്ന, പുതുമഴക്കുശേഷം പച്ചപ്പിന്റെ മുളപൊട്ടിത്തുടങ്ങിയ മാടായിപ്പാറ, ജൈവപ്രപഞ്ചത്തിന്റെ സൂക്ഷ്മവിസ്മയങ്ങളുമായി ഞങ്ങളെ വരവേറ്റു. ഈപീഠഭൂമിയുടെ ഓരോസ്പന്ദനവും ആഴത്തിൽ മനപാഠമാക്കിയിരുന്ന പരിസ്ഥിതി പ്രവർത്തകനും അധ്യാപകനുമായ ശ്രീ ആനന്ദ്പേക്കടം,ഓരോചുവടിലും മാടായിപ്പാറയുടെജൈവവൈവിധ്യ വിസ്മയങ്ങൾ തൊട്ടുവിശദീകരിച്ച് ഞങ്ങളെ പുതിയപാഠങ്ങളിലേക്കാണ് നയിച്ചത്.

